**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2588** **04-03-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട നിയോജക മണ്ഡലത്തിലെ ഈറ്റ ഉല്പന്നങ്ങളുടെ സംസ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ ഈറ്റ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും വിപണത്തിനുമായുള്ള കോമൺ ഫെസിലിറ്റി സെന്ററിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ ഈറ്റ ഉത്പന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനുമായി കിളിക്കോട്ടുകോണം വാർഡിൽ കോമൺ ഫെസിലിറ്റി സെന്റർ പ്രവർത്തിച്ചിരുന്നു. എന്നാൽ ടി സെന്റർ ഇപ്പോൾ പ്രവർത്തിക്കുന്നില്ല |
| (ബി) | പ്രസ്തുത സെന്റർ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ എന്തൊക്കയാണെന്നും എന്ന് മുതൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാനാകുമെന്നും വിശദമാക്കാമോ? | (ബി) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട നിയോജക മണ്ഡലത്തിൽ അരുവിക്കര വാർഡിൽ മുള അധിഷ്ഠിത കരകൗശല ഉൽപ്പന്ന നിർമ്മാണ പരിശീലനം നൽകുന്നതിനായി ട്രെയിനിങ് കം കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 2023-24 സാമ്പത്തിക വർഷം 40 ലക്ഷം രൂപയും, 2024-25 സാമ്പത്തിക വർഷം 60 ലക്ഷം രൂപയും കൂടി ചേർത്ത് ആകെ ഒരു കോടി രൂപ ടി പദ്ധതിക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പരിശീലന കെട്ടിടം നിർമ്മിക്കുന്നതിനായി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഏജൻസിയുടെ നേതൃത്വത്തിൽ കെട്ടിട നിർമ്മാണം 50% പൂർത്തിയായി കഴിഞ്ഞു. കെട്ടിട നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ